**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731** **05-07-2022 - ൽ മറുപടിയ്ക്ക്**

**എൻട്രൻസ് പരീക്ഷയിൽ കേരള സിലബസ് വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻട്രൻസ് പരീക്ഷയിൽ വളരെ മികച്ച മാർക്ക് കരസ്ഥമാക്കിയ കേരള സിലബസ് വിദ്യാർത്ഥികൾ പന്ത്രണ്ടാം ക്ലാസ് മാർക്ക് സമീകരണം കാരണം അന്തിമലിസ്റ്റിൽ പിൻതള്ളപ്പെട്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021-22 അധ്യയന വർഷത്തെ കേരള സിലബസ് ഹയർ സെക്കന്ററി പരീക്ഷയിൽ മറ്റു പ്രധാന ബോർഡുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാർഥികൾക്ക് വളരെ അധികം ഉയർന്ന ശരാശരി മാർക്ക് ലഭിച്ചിരുന്നു. ആയതിനാൽ ഗവണ്മെന്റ് അംഗീകൃത പ്രോസ്പെക്ടസ് അനുസരിച്ചുള്ള സ്റ്റാന്റേഡൈസേഷൻ പ്രക്രിയയുടെ ഫലമായി ശരാശരിക്ക് വിപരീത അനുപാതത്തിൽ മാർക്ക് പുന:നിർണ്ണയിക്കപ്പെട്ടപ്പോൾ മുൻ വർഷങ്ങളുമായി താരതമ്യം ചെയ്ത് വിദ്യാർഥികൾ പ്രതീക്ഷിച്ച റാങ്കുകൾ ലഭിക്കാത്തതിനെ തുടർന്ന് ഏതാനും പരാതികൾ ലഭിച്ചിരുന്നു. |
| (ബി) | ഇത്തരത്തിൽ വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | വിവിധ ബോർഡ് പരീക്ഷകളുടെ മാർക്കുകൾ ഏകീകരിക്കുന്നതിനായി കീം പ്രോസ്പെക്ടസ് പ്രകാരം സ്റ്റാന്റേഡൈസേഷൻ നടത്തിയ ശേഷമാണ് പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക തയാറാക്കുന്നത്. കഴിഞ്ഞ അധ്യയന വർഷത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കേരള സ്റ്റേറ്റ് സിലബസിലെ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ മാർക്ക് നിലവാരം ഉയർന്നതായിരുന്നതിനാൽ സ്റ്റാന്റേഡൈസേഷൻ പ്രക്രിയ നടത്തിയപ്പോൾ വ്യക്തിഗത മാർക്കുകളിൽ ആനുപാതികമായി കുറവ് വന്നിട്ടുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പ്രവേശനപരീക്ഷയുടെ മാർക്കിനും യോഗ്യതാ പരീക്ഷയുടെ മാർക്കിനും 50:50 എന്ന തുല്യ അനുപാതത്തിൽ പരിഗണന നൽകിയിരുന്നു. വിദ്യാർത്ഥികൾക്ക് അന്തിമ പരീക്ഷയിൽ വിവിധ ബോർഡുകളിൽ നിന്ന് ലഭിക്കുന്ന മാർക്കുകൾ നോർമലൈസേഷനു വിധേയമാക്കുകയും വിവിധ ബോർഡുകൾ വ്യത്യസ്ത രീതികളിൽ പരീക്ഷാ മൂല്യനിർണ്ണയത്തിലൂടെ സ്കോർ നൽകുമ്പോൾ ഉണ്ടാകുന്ന അന്തരം പരിഹരിക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | സ്റ്റാന്റേഡൈസേഷൻ പ്രക്രിയക്ക് വിധേയമാക്കി യാണ് അന്തിമ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. |
| (സി) | കേരള സിലബസ് വിദ്യാർത്ഥികൾ നേരിടുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | 2022-23 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സുകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനുള്ള കീം പ്രോസ്പെക്ടസ് 25.03.2022 ലെ സ.ഉ (സാധാ) നം.170/22/ഉവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2010 മുതൽ തുടർന്നു വന്നിരുന്ന സ്റ്റാന്റേഡൈസേഷൻ പ്രക്രിയ വിവിധ ഘട്ടങ്ങളിൽ കോടതികളിൽ പോലും ചോദ്യം ചെയ്യപ്പെട്ടെങ്കിലും കുറ്റമറ്റതാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിലവിലുള്ള റാങ്കിങ് രീതി തന്നെയാണ് 2022-23 വർഷത്തെ പ്രോസ്പെക്ടസിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ